
ഐ. ഷൺമുഖദാസ്

# സൈക്കിളും നാലു ചലച്ചിത്രങ്ങളും



**സൈക്കിൾ മുഖ്യ കഥാപാത്രമായി കടന്നുവരുന്ന മഖ്മൽ ബഫിന്റെ 'ദി സൈക്ലിസ്റ്റ്', വിറ്റോറിയ ഡിസിക്കയുടെ 'ബൈസിക്കിൾ തീവ്സ്', വാങ്ങ് സിയാ ഷുവായിയുടെ 'ബീജിങ്ങ് ബൈസിക്കിൾ', മർസിയ മെഷ്കിനിയുടെ 'ഞാൻ സ്ത്രീയായിത്തീർന്ന ദിവസം' എന്നീ സിനിമകളിലൂടെ ഒരു സഞ്ചാരം**

ഒരു മോട്ടോർ സൈക്കിളിന്റെ ദൃശ്യത്തിൽ നിന്നാണു തുടങ്ങുന്നതെങ്കിലും ഒരു സൈക്കിളിന്റെയും അതു ചവിട്ടിക്കൊണ്ടിരിക്കുന്ന അഫ്ഘാൻ അഭയാർത്ഥിയുടെയും ദൃശ്യത്തിൽ അവസാനിക്കുന്ന ഇറാനിയൻ സിനിമയാണ് 'ദി സൈക്ലിസ്റ്റ്'. ആശുപത്രിയിൽ മരണം കാത്തു കിടക്കുന്ന ഭാര്യയുടെ ചികിത്സയ്ക്കു പണമുണ്ടാക്കാനായി ഏഴു നാളായി സൈക്കിൾ യജ്ഞത്തിലായിരുന്നു നസീം എന്ന അഭയാർത്ഥി. ഈ അഭയാർത്ഥികളുടെ അതിജീവന യജ്ഞങ്ങളുടെ വലിയ യാഥാർത്ഥ്യത്തിനുള്ളിലെ ഒരു സൈക്കിൾ കഥ തെരഞ്ഞെടുത്ത് അതിനോട് മരണക്കിണറിലെ മോട്ടോർ സൈക്കിൾ സവാരിക്കാരനായ ഒരഭ്യാസിയുടെ ചെറുകഥയും സംവിധായകൻ സന്നിവേശിപ്പിച്ചിരിക്കുന്നു. പലവട്ടം മരണക്കിണറിലൂടെ കറങ്ങി കറങ്ങി മുകളിലെയ്ക്കെത്തുന്ന അഭ്യാസി. വലിയ പ്രലോഭനത്തിന്റെ ഒരു കറൻസിനോട്ടും പിടിച്ച് ഒരാൾ മുകളിൽ നില്ക്കുന്നതാണ് ലക്ഷ്യം. സൈക്കിൾ യജ്ഞകഥയുടെയും മരുഭൂമിയുടെ നടുവിൽ തോടു വെട്ടാൻ കന്നുകാലികളെ പോലെ ലോറിയിൽ കൂട്ടം കൂട്ടമായി കയറിപ്പോകുന്ന അഭയാർത്ഥികളുടെ സാമൂഹികയാഥാർത്ഥ്യത്തിന്റെയും ആത്മാവിലേയ്ക്കുള്ള ഒരു കിളിവാതിലാണ് ഈ മരണക്കിണർ രംഗം.




സൈക്കിൾ ദൃശ്യങ്ങൾ കൊണ്ടല്ല, സൈക്കിളിൽ നിന്നുള്ള ദൃശ്യങ്ങൾ കൊണ്ടാണ്, 'ദി സൈക്ലിസ്റ്റ്' ഒരു പ്രധാനപ്പെട്ട സൈക്കിൾ സിനിമയായിത്തീരുന്നത്. മരണക്കിണറിൽ മറിഞ്ഞു വീഴുന്ന മോട്ടോർ സൈക്കിൾ അഭ്യാസിയെ പോലെ സൈക്കിൾ യജ്ഞക്കാരനായ നസീമും ഒരിക്കൽ രാത്രിയിൽ തളർന്നു വീഴുന്നുണ്ട്. ആ രാത്രി പകരക്കാരനായി ഒരു സുഹൃത്ത് രഹസ്യമായി മുഖം മറച്ച് ഒരു യജ്ഞം തുടർന്നു. സിനിമയുടെ അവസാനത്തിൽ ഫ്രീസു ചെയ്ത ദൃശ്യത്തിൽ യജ്ഞം പൂർത്തിയാക്കി ' സൈക്കിൾ ചവിട്ടിക്കൊണ്ടിരിക്കുന്ന നസീമിനെ നാം കാണുന്നു. ചിത്രത്തിലുടനീളം നാം കാണുന്ന മൗനിയായ അഭയാർത്ഥിയുടെ മുഖവും നാം കേൾക്കുന്ന പശ്ചാത്തല സംഗീതവും മൊത്തത്തിൽ ഉളവാക്കുന്ന വിഷാദഭാവത്തിൽ നിന്നു വ്യത്യസ്തമായ, അതിജീവനത്തിനു വഴി തെളിക്കുന്ന പ്രതീക്ഷയുടെ ദൃശ്യമുഹൂർത്തമായിത്തീരുന്നു അന്ത്യരംഗത്തിലെ ഈ സൈക്കിൾ ദൃശ്യം. ഇതിനു തൊട്ടുമുമ്പ് ഒരപൂർവ്വത പോലെ സൈക്കിൾ പെഡലിന്റെയും സൈക്കിൾ ചവിട്ടുന്ന അഭയാർത്ഥിയുടെ നഗ്നപാദത്തിന്റെയും ഒരു സമീപദൃശ്യം ഉണ്ട്. സൈക്കിൾ. നിലത്തമർന്നു നീങ്ങുന്ന ടയർ ദൃശ്യങ്ങളും സിനിമയിൽ അധികമില്ല. യജ്ഞം മുടക്കാൻ ചിലർ നിലത്തു ചിതറിയ ഇരുമ്പാണികൾക്കിടയിലൂടെ, യജ്ഞത്തിനു വിജയം നേർന്നു ചിലർ നിലത്തു വിതറിയ പൂവുകൾക്കിടയിലൂടെ, സൈക്കിൾ നീങ്ങിക്കൊണ്ടിരിക്കുന്നതിന്റെ ഏതാനും ചില ദൃശ്യങ്ങളല്ലാതെ...

സന്നിവേശത്തിന്റെ സാദ്ധ്യതകൾ പരമാവധി ഉപയോഗിച്ചു കൊണ്ടു തന്നെ സാമൂഹ്യയാഥാർത്ഥ്യത്തിന്റെ ഈ ചിത്രത്തെ ക്യാമറാ ചലനത്തിന്റെ ഒരു നല്ല സിനിമയാക്കുന്നതിൽ സംവിധായകൻ ശ്രദ്ധ വെച്ചിട്ടുണ്ട്. മിക്കവാറും സൈക്കിൾ യജ്ഞക്കാരനായ നസീമിന്റെ കാഴ്ചപ്പാടിൽ നിന്നുള്ള ക്യാമറാചലനത്തിലൂടെ നാം കാണുന്നതും ചുറ്റിനും കറങ്ങിക്കൊണ്ടിരിക്കുന്നതുമായ ഒരു ലോകത്തിനു നടുവിലാണ് പ്രേക്ഷകർ. വട്ടത്തിൽ കറങ്ങിക്കൊണ്ടിരിക്കുന്ന സൈക്കിൾക്കാരനെ മിഡ്ഷോട്ട് ദൃശ്യങ്ങളിലൂടെ ഉറ്റുനോക്കിയും പിന്തുടർന്നും ക്യാമറ നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു പരിചരണരീതിയോട്, സൈക്കിളിലിരുന്നു ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്ന സൈക്കിൾക്കാരന്റെ ആത്മനിഷ്ഠമായ കാഴ്ചപ്പാടിനോടടുത്തു നില്ക്കുന്ന ഒരു ക്യാമറാചലനരീതി കൂട്ടിച്ചേർത്തും കൊണ്ടാണ് മഖ്മൽബഫ് സൈക്കിൾ യജ്ഞം മൊത്തത്തിൽ ചിത്രീകരിച്ചിട്ടുള്ളത്. മരണക്കിണർ മോട്ടോർസൈക്കിൾ രംഗങ്ങളിലും ഈ രീതി പിന്തുടർന്നു കാണുന്നു. സൈക്കിളിന്റെയോ, ചക്രങ്ങൾ, ഹാന്റിൽബാർ, പെഡൽ, ബെൽ തുടങ്ങിയ സൈക്കിൾ ഭാഗങ്ങളുടെയോ സമീപദൃശ്യങ്ങൾക്കല്ല, സൈക്കിളിൽ നിന്നുള്ള ചലനദൃശ്യങ്ങൾക്കാണ് ഈ സൈക്കിൾ സിനിമയിൽ പ്രധാനം.

സൈക്കിൾ ഇതിഹാസ കഥാപാത്രമായിത്തീരുന്ന ലോക പ്രശസ്തമായ ഇറ്റാലിയൻ നിയോ റിയലിസ്റ്റ് ചിത്രമാണ് 'സൈക്കിൾ മോഷ്ടാക്കൾ'. കമ്മ്യൂണിസ്റ്റുകാരനായ

സെസാർ സെവാറ്റിനിയുടെ തിരക്കഥയെ ആധാരമാക്കി മുൻമാറ്റിനി ഐഡലായിരുന്ന വിറ്റോറിയ ഡിസിക്ക സംവിധാനം ചെയ്ത 'ബൈസിക്കിൾ തീവ്സ്' അവതരിപ്പിക്കുന്നത് ജീവിതോപാധിയായ ഒരു സൈക്കിൾ നഷ്ടപ്പെടുന്നതിന്റെയും അതും തേടിയുള്ള തൊഴിലാളിയുടെയും മകന്റെയും ഒഡിസ്സിയാത്രയുടെയും കഥയാണ്. ഒരേ വേദിയിൽ നടക്കുന്ന സൈക്കിൾ യജ്ഞത്തിന്റെ കഥയായ 'സൈക്ലിസ്റ്റി'ൽ നിന്നും വ്യത്യസ്തമായി ഈ ചിത്രം തെരുവുകളുടെയും കൂടി ഇതിഹാസമായിത്തീരുന്നു. അന്വേഷണത്തിന്റെ കഥയാകുമ്പോൾ മാറുന്ന സ്ഥലത്തിന്റെ, പാതയുടെ, സിനിമയായി 'സൈക്കിൾ മോഷ്ടാക്കൾ' രൂപപ്പെടുന്നു എന്നത് തീർത്തും സ്വാഭാവികം. നഷ്ടപ്പെട്ട സൈക്കിളും തേടിയുള്ള യാത്രയുടെ കഥയാണ് എന്നതു കൊണ്ട് സൈക്കിൾ സവാരിയുടെ ദൃശ്യങ്ങളേക്കാൾ ചിത്രത്തിൽ അവതരിപ്പിക്കപ്പെടുന്നത് നടത്തത്തിന്റെ ദൃശ്യങ്ങളാണ്. എഡിറ്റിങ്ങിന് ദൃശ്യങ്ങൾ മുറിച്ചു ചേർക്കപ്പെടുന്ന രീതിക്ക്, സിനിമയിൽ 'സൈക്ലിസ്റ്റി'ൽ എന്നതു പോലെത്തന്നെ പ്രാധാന്യമുണ്ട് എന്നിരിക്കിലും, 'സൈക്ലിസ്റ്റ്' എന്നതുപോലെ ഈ ചിത്രവും അടിസ്ഥാനപരമായി ക്യാമറാചലനത്തിന്റെ കൂടി സിനിമയാണ്. പക്ഷേ, നടന്നു പോകുന്നവന്റെ കാഴ്ചപ്പാടിൽ നിന്നാണ് ഈ ചലനം എന്നു മാത്രം.

രണ്ടാം ലോകമഹായുദ്ധത്തിനു തൊട്ടുപിമ്പുള്ള ദാരിദ്ര്യത്തിന്റെയും തൊഴിലില്ലായ്മയുടെയും റോമാനഗരമാണ് പശ്ചാത്തലം. തൊഴിൽരഹിതരുടെ വലിയ പടയിലെ ഒരാളായ അന്റോണിയോ റിക്കിക്ക് ഭാഗ്യത്തിനാണ് ആയിരത്തിൽ ഒരുവനായി സിനിമാപോസ്റ്ററൊട്ടിക്കുന്ന ജോലി ലഭിച്ചത്. നിർഭാഗ്യത്തിന് അപ്പോൾ അയാളുടെ സൈക്കിൾ പണയത്തിലാണ്. സൈക്കിളില്ലെങ്കിൽ ജോലിയില്ല എന്നാണ് വ്യവസ്ഥ. വീട്ടിലെ കിടക്കവിരികളെല്ലാം പണയപ്പെടുത്തി ഭാര്യയും റിക്കിയും സൈക്കിൾ വീണ്ടെടുക്കുന്നു. ഇതിനിടയ്ക്ക് സംവിധായകന്റെ ക്യാമറ പണയപ്പണ്ടങ്ങളുടെ കലവറയിൽ പണയമായി വന്ന കിടക്കവിരികളുടെ ഭാണ്ഡവും എടുത്തു നീങ്ങുന്ന ഒരു ജോലിക്കാരനെ പിന്തുടരുന്നുണ്ട്. ഒറ്റപ്പെട്ട ഈ തുണിക്കെട്ടിൽ നിന്നു കാണിയുടെ കണ്ണുകൾ ചെന്നു തറച്ചു നിൽക്കുന്നത് മുകളിലേയ്ക്കായി അട്ടിയിട്ടു വെച്ചിരിക്കുന്ന സമാനമായ നിരവധി തുണിക്കെട്ടുകളിലാണ്. കറുപ്പിലും വെളുപ്പിലും ഉള്ള ചിത്രം തുടങ്ങുന്നത് നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു ബസ്സ് നമ്മുടെ മുന്നിൽ വന്ന് നില്ക്കുന്നതിന്റെയും ആളുകളിറങ്ങി നടന്നു പോകുന്നതിന്റെയും എണ്ണമറ്റ സൈക്കിളുകൾ കടന്നുപോകുന്നതിന്റെയും ദൃശ്യനിരയിൽ നിന്നാണ്. ഇവയ്ക്കു മീതെ ക്രെഡിറ്റുകൾ തെളിഞ്ഞുവരുന്നു. ചിത്രത്തിന്റെ ഒടുവിൽ 'അന്ത്യം' എന്നു പ്രത്യക്ഷപ്പെടുന്ന തെരുവുദൃശ്യം അവതരിപ്പിക്കുന്നത് കാണികളുടെ കൺമുന്നിൽ നിന്നും പുറംതിരിഞ്ഞു നടന്നകന്നു പോകുന്ന തൊഴിലാളികളെയാണ്. നഗരത്തിലെ എണ്ണമറ്റ തൊഴിലാളികളുടെ വലിയ ജീവിതകഥയുടെ ഒരു ഭാഗമായിട്ടാണ്, ആരംഭത്തിനും അന്ത്യത്തിനും ഇടയ്ക്കായി സംവിധായകൻ സൈക്കിൾ നഷ്ടപ്പെടുന്ന ഒരു തൊഴിലാളി സൈക്കിൾ മോഷ്ടാവായിത്തീരുന്നതിന്റെ കഥ അവതരിപ്പിക്കുന്നത്. ഒരു തുണിക്കെട്ടിൽ നിന്ന് അട്ടിയിട്ട് എണ്ണമറ്റ തുണിക്കെട്ടുകളിലേക്കു






നീങ്ങുന്ന ക്യാമറചലന രീതി സിനിമയുടെ മൊത്തം പ്രമേയഘടനയുടെ ഭാഗം തന്നെയാണ്. നഷ്ടപ്പെടുന്ന ഒരു സൈക്കിളിൽ നിന്ന് മോഷ്ടാവായിത്തീരുന്ന റിക്കിയുടെ കണ്ണുകൾ, കാണികളായ നമ്മുടെയും കണ്ണുകൾ, സൈക്കിളുടെ മഹാലോകത്തിലേയ്ക്കുറ്റു നോക്കിക്കൊണ്ടിരിക്കുന്നു ചിത്രത്തിലുടനീളവും. ഒന്നിൽ നിന്നും പലതിലേക്കുള്ള, വ്യക്തിയിൽ നിന്നു സമൂഹത്തിലേക്കുള്ള ഈ സന്നിവേശരീതിയും ചിത്രത്തിന്റെ സവിശേഷതയാണ്.

സൈക്കിളിനു പ്രാധാന്യമുള്ള മൂന്നു അവിസ്മരണീയ രംഗങ്ങൾ ചിത്രത്തിലുണ്ട്. മഴപെയ്യുന്ന ഞായറാഴ്ച റിക്കിയും മകൻ ബ്രൂണോയും സൈക്കിളും തേടി ഇറങ്ങിയിരിക്കുകയാണ്. സുഹൃത്തിന്റെ വാനിൽ നിന്നു പുറത്തിറങ്ങിയ അച്ഛനും മകനും മഴയത്താണ്. മഴനനഞ്ഞു കടന്നു പോകുന്ന സൈക്കിളുകൾ, സൈക്കിൾസവാരിക്കാർ, സൈക്കിൾ ചക്രങ്ങളിൽ നീങ്ങുന്ന ഉന്തുവണ്ടികൾ മഴയത്തു നനയുന്ന തൂക്കിയിട്ടിരിക്കുന്ന സൈക്കിൾ ടയറുകൾ, കുട പിടിച്ചു കടന്നു പോകുന്ന മനുഷ്യർ, മഴ നനഞ്ഞു പോകുന്നവർ... മഴ തോരുന്നില്ല എന്നു കണ്ടു റിക്കിയും ബ്രൂണോയും തെല്ലിട ഒരു കെട്ടിടത്തിന്റെ അരികിൽ ചെന്നു നിന്നു. മഴ തോരുന്നു. ഇതിനിടയ്ക്കാണ് റിക്കി ഒരു സൈക്കിൾകാരനെ 'മോഷ്ടാ'വായി സംശയിക്കുന്നത്. പിടിക്കാനായി 'കള്ളൻ കള്ളൻ' എന്നു വിളിച്ചു പറഞ്ഞു വിഫലമായി കുറേ നേരം ഓടി നിരാശനാകുന്നു അയാൾ. ക്യാമറ ചലനത്തിനു പകരം ആളുകളുടെ ചലനത്തിനും സന്നിവേശത്തിനും പ്രാധാന്യം കൂടുതലുള്ള ഈ ദൃശ്യനിരകൾ മഴയുടെയും മനുഷ്യരുടെയും സൈക്കിളുകളുടെയും മനോഹരമായ ഒരു രംഗമായിട്ടാണ് രൂപപ്പെടുത്തിയിരിക്കുന്നത്.

ലിറിക്കൽ കാവ്യസൗന്ദര്യമുള്ള ഈ ദൃശ്യനിരകളിൽ നിന്നു വ്യത്യസ്തമായ മറ്റൊരു സൈക്കിൾ രംഗം ഇതിനു തൊട്ടു മുമ്പാണുള്ളത്. ബ്രൂണോയും റിക്കിയും റിക്കിയുടെ മൂന്നു തൊഴിലാളി സുഹൃത്തുക്കളും കൂടി മോഷ്ടിക്കപ്പെട്ട സൈക്കിളുകൾ അവസാനമായി എത്തിച്ചേരാനിടയുള്ള റോമാനഗരിയിലെ ഒരു ചോർബസാറിലെത്തുന്നു. ഓരോരുത്തരും തെരയേണ്ടത് നഷ്ടപ്പെട്ട സൈക്കിളിന്റെ വ്യത്യസ്ത ഭാഗങ്ങളായിരിക്കണമെന്നു നേരത്തെ തീരുമാനിച്ചിട്ടുണ്ട്. അല്ലാതെങ്ങനെ ഒരു മഹാ പ്രളയത്തിൽ നിന്നു റിക്കിയുടെ സൈക്കിൾ അവർ വീണ്ടെടുക്കും? ഒരാൾ ടയർ, മറ്റൊരാൾ. ഫ്രെയിം, വേറൊരാൾ ബെൽ, അങ്ങിനെ അവർ അന്വേഷണം അങ്ങാടിയുടെ ഒറ്റത്തുനിന്നും തുടങ്ങുന്നു. ആദ്യം നാം കാണുന്നത് മുഴുവൻ സൈക്കിളുകളുടെ ഒരു നിര തന്നെ. ഒന്നും രണ്ടുമായി സൈക്കിളുകൾ ആ നിരയിലേയ്ക്കു വീണ്ടും വന്നു കൊണ്ടിരിക്കുന്നു. പിന്നീടു നാം കാണുന്നത് അന്വേഷകരുടെ തെരയുന്ന മുഖങ്ങളുടെയും സൈക്കിൾ ഭാഗങ്ങളു

ടെയും സംഭ്രമജനകമായ ദൃശ്യനിരയാണ്. ടയറുകൾ, ട്യൂബുകൾ, ബെല്ലുകൾ, നട്ടുകൾ, ബോൾട്ടുകൾ, പമ്പുകൾ... സംശയം തോന്നിയ ഒരു സൈക്കിൾ ഫ്രെയിമിനു മുന്നിൽ അവരെത്തുന്നു. ഉടമസ്ഥൻ അതിനു പെയിന്റടിച്ചു കൊണ്ടിരിക്കുക യാണ്. റിക്കി പോലീസുകാരനുമായെത്തി നമ്പർ ഏതെന്നു തിരിച്ചറിഞ്ഞ് നിരാശനായി, അപമാനിതനായി, അങ്ങാടിയിൽ നിന്നു മട ങ്ങുന്നു. തന്റെ മുഴുവൻ സൈക്കിളും തേടി അവിടെയെത്തിയ തൊഴിലാളി തന്റെ ജീവി താവസ്ഥയിലെ നിസ്സഹായതയുമായി പൊരുത്തപ്പെടാനാകാതെ മകനുമൊത്ത് വീണ്ടും അലഞ്ഞു നടന്ന അന്വേഷണം തുട രുമ്പോളാണ് പിന്നീടു മഴ പെയ്യുന്നത്, 'സൈക്കിൾകള്ള'നെ കാണാനിടവരുന്നത്, അപസ്മാരരോഗിയായ അയാളെ പിടികൂടി ഒടുവിൽ വീണ്ടും അപമാനിതനാകുന്നത്... സൈക്കിൾ മോഷ്ടാവിനെ തെരഞ്ഞുനട ക്കുന്ന സൈക്കിൾ മോഷ്ടാവാകാനിരി ക്കുന്ന സത്യസന്ധനായ അയാളോട് എല്ലാ വരും പറയുന്നത് തങ്ങൾ സത്യസന്ധരാണ് എന്നു തന്നെയാണ്. അപസ്മാരരോഗിയുടെ അമ്മ ചുറ്റും കൂടിനില്ക്കുന്ന പോലീസുകാ രനോടും ജനങ്ങളോടുമായി വിളിച്ചു പറ യുന്നു.' അപമാനിക്കുന്നതിനു പകരം





നിങ്ങൾ എന്റെ മകന് ഒരു ജോലി കൊടുക്കുകയാണ് ചെയ്യേണ്ടത്.'

ഒരു സൈക്കിളിന്റേയും സൈക്കിൾ മോഷ്ടാവായിത്തീരുന്ന ഒരു തൊഴിലാളിയുടെയും കഥ പറയുന്ന ചിത്രം അങ്ങിനെ റോമാനഗരത്തിന്റേയും റോമാനഗരത്തിലെ സാധാരണമനുഷ്യരുടെ ജീവിതത്തിന്റേയും ഇതിഹാസമായിത്തീരുന്നു. സ്റ്റുഡിയോയുടെ അകത്തളങ്ങളിൽ വെച്ച് കൂറ്റൻ സെറ്റുകൾ കെട്ടിപ്പൊക്കി കണ്ണഞ്ചിപ്പിക്കുന്ന ദൃശ്യവിസ്മയങ്ങളിലൂടെ സൂപ്പർതാരങ്ങളെ അവതരിപ്പിച്ചു വൻസംഭവങ്ങളുടെ ഇതിവൃത്ത നിബന്ധമായ കെട്ടുകഥകളുണ്ടാക്കുന്ന ഹോളിവുഡ് സിനിമയുടെ ബദലായി ഷൂസു മേടിക്കാൻ പോകുന്ന ഒരു സ്ത്രീയുടെ ജീവിതാവസ്ഥയിൽ നിന്നും സിനിമയുണ്ടാക്കാമെന്നു വാദിച്ച സവാറ്റിനിയുടെ തിരക്കഥയിൽ ഇതിൽ നിന്നു ഡിസീക്ക സാമൂഹ്യയാഥാർത്ഥ്യത്തിന്റെ സൂക്ഷ്മമായ ജിവിത ദൃശ്യങ്ങൾ അവതരിപ്പിക്കുകയാണ് 'സൈക്കിൾ മോഷ്ടാക്കൾ'. പള്ളിയിലെ കുർബാനയും തൊഴിലാളികളുടെ സംഘടനായോഗവും ഭാവി പ്രവചിക്കുന്ന സ്ത്രീയുടെ വീടും തൊഴിലില്ലാത്തവരുടെ പടയും അപസ്മാര രോഗിയായ യുവാവും എല്ലാം റിക്കിയുടെ കഥയുടെ തുടർച്ചകൾ തന്നെ. ഒരു വലിയ ലോകത്തിലെ തൊഴിലാളിയായ ഒരു മനുഷ്യന്റെ ജീവിതമാണ് ചിത്രം അവതരിപ്പിക്കുന്നത് എന്ന് അവസാനഭാഗവും വ്യക്തമാക്കുന്നു. മൂന്നാമത്തെ അവിസ്മരണീയമായ സൈക്കിൾ രംഗം ഈ ഭാഗത്താണുള്ളത്.

'സൈക്കിൾ മോഷ്ടാ'വായ അപസ്മാര രോഗിയെ പിന്തുടർന്ന് ഹതാശനും തളർന്ന വശനുമായി റിക്കി തെരുവിലേയ്ക്കു തിരിച്ചെത്തി. ക്ഷീണം സഹിക്കാനാകാതെ, ഒരുപക്ഷെ നിരാശയും അപമാനവും സഹിക്കാനാകാതെ, മകൻ ബ്രൂണോ തെരുവോരത്തു തന്നെ നിലത്തിരിക്കുന്നു അപ്പോളാണ് മോഷ്ടിക്കപ്പെട്ടവനായ റിക്കിയുടെ കണ്ണുകൾ പ്രലോഭിപ്പിക്കപ്പെടുന്നത്, മോഷ്ടാവിന്റെ കണ്ണുകളായി രൂപാന്തരപ്പെടുന്നത്. ഫാക്ടറിയിലെ തൊഴിലാളികളുടെതാകാം, എണ്ണമറ്റ സൈക്കിളുകൾ നിരന്നിരിക്കുന്നത് അയാൾ കാണുന്നു. പ്രലോഭനത്തിൽ അസ്വസ്ഥനായി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്ന റിക്കിയുടെ കണ്ണുകളിൽ അനവധി സൈക്കിളുകളുടെ ഈ വലിയ നിര മാത്രമല്ല ഒറ്റപ്പെട്ട ഒരു സൈക്കിളും തെളിയുന്നു. ചുമരിൽ ചാരിവെച്ചിരിക്കുന്ന ഒരു ഒറ്റ സൈക്കിൾ. ഈ ഒരു സൈക്കിൾ മാറ്റിനിറുത്തിയാൽ തെരുവിന്റെ ആ ഭാഗം തീർത്തും ശൂന്യം. ക്യാമറ ആ ദൃശ്യം പകർത്തുന്നത് സ്ഥലത്തിന്റെ ശൂന്യതയിൽ പ്രത്യേകം ഊന്നിക്കൊണ്ടാണ്. ഒറ്റൊറ്റ മനുഷ്യനും സ്ഥലയാഥാർത്ഥ്യത്തിന്റെ ആ ശൂന്യതയിൽ ഇല്ല. റിക്കി പിന്നീട് നോക്കുമ്പോൾ കാണുന്നത് മറു ഭാഗത്തിരിക്കുന്ന സൈക്കിളുകളുടെ മഹാശേഖരമാണ്. അയാൾ മകനടുത്തു വന്നു നിലത്തിരിക്കുന്നു. ആളുകളുടെ ശബ്ദം. നിലത്തിരിക്കുന്ന അവരുടെ മുന്നിലൂടെ സൈക്കിളുകൾ കടന്നുപോകുന്നു. എഴുന്നേറ്റു നില്ക്കുന്നു റിക്കി. അയാളുടെ കാഴ്ചയിലൂടെ ആളുകൾ നടന്നുപോകുന്ന ദൃശ്യം. അടുത്ത ദൃശ്യം, അകലെ

ഒരു വിദൂര ദൃശ്യത്തിൽ ചുമർചാരിവെച്ചിരിക്കുന്ന ആ സൈക്കിളിന്റേതാണ്. ഇങ്ങേ അറ്റത്ത്, നമ്മുടെ കണ്ണിനു തൊട്ടുമുന്നിൽ, അതും നോക്കിനില്ക്കുന്ന റിക്കി. പിന്നെ എണ്ണമറ്റ സൈക്കിളുകൾക്കിടയിൽ നിന്ന് താന്താങ്ങളുടെ സൈക്കിളുമെടുത്തു കടന്നു പോകുന്ന തൊഴിലാളികൾ. തീരുമാനത്തിലെത്തിയ റിക്കി മകനെ ട്രാമിൽ ഒറ്റയ്ക്കു പോകാൻ പ്രേരിപ്പിക്കുന്നു. രംഗത്തിന്റെ താളം സൃഷ്ടിക്കുന്നതിനും റിക്കിയുടെ അന്ത രംഗം മൂർത്തവൽക്കരിക്കാനുമായി സംവിധായകൻ ഈ രംഗത്തിലുടനീളം ദൃശ്യസ ന്നിവേശത്തിന്റെ പിന്തുണയാണ് തേടിയിരിക്കുന്നത്. ട്രാമിനരികിലേയ്ക്കു മകൻ നീങ്ങുന്നു. ഒറ്റപ്പെട്ട സൈക്കിളും എടുത്ത് റിക്കി വേഗത്തിൽ കടന്നു കളയുന്നു. 'കള്ളൻ, കള്ളൻ' എന്ന് അയാൾ മറ്റുള്ളവരുടെ പിറകെ ഓടിയ അതേ രീതിയിൽ മറ്റുള്ളവർ അയാൾക്കു പിറകേ. അപമാനങ്ങളുടെ ദീർഘയാത്ര ഒടുവിൽ അവസാനിക്കുന്നത് 'സൈക്കിൾ മോഷ്ടാ'വായി റിക്കി പിടിക്കപ്പെടുന്ന ഈ സന്ദർഭത്തിലാണ്. കരുണ തോന്നി ഉടമസ്ഥൻ റിക്കിയെ പോലിസിലേൽപ്പിക്കുന്നതിൽ നിന്നും പിൻവാങ്ങുന്നു. ചിത്രം അവസാനിക്കുമ്പോൾ മകന്റെ കയ്യും പിടിച്ച് 'സൈക്കിൾ മോഷ്ടാ'വായ അച്ഛൻ നടന്നുപോകുന്നു. നിരന്നിരിക്കുന്ന സൈക്കിളുകൾ കടന്ന്, ലോറി തുടങ്ങിയ പല വാഹ നങ്ങൾക്കിടയിലൂടെ നടന്നു നീങ്ങുന്ന മറ്റു മനുഷ്യർക്കിടയിലൂടെ ഈ ദൃശ്യനിരയുടെ അവസാനത്തിലാണ് അച്ഛനേയും മകനേയും ഉൾക്കൊള്ളുന്ന ആൾക്കൂട്ടത്തിനു മീതെ യായി അന്ത്യം എന്ന് അക്ഷരങ്ങൾ തെളിയുന്നത്.

ദൃശ്യതലത്തിൽ സൈക്കിൾ ഏറ്റവും കൂടുതൽ നിറഞ്ഞു നില്ക്കുന്ന ഒരു മുഴുനീള സൈക്കിൾ ചിത്രം 'ബീജിങ്ങ് ബൈസിക്കിൾ' തന്നെയായിരിക്കണം. ശീർഷകം സൂചി പ്പിക്കുന്നതു പോലെ ഈ ചിത്രം 'സൈക്കിൾ മോഷ്ടാക്ക'ളിൽ നിന്നും 'സൈക്ലിസ്റ്റി'ൽ നിന്നും വ്യത്യസ്തമായി. ഒരു സൈക്കിളിന്റെ തന്നെ കഥ പറയുന്നു. ക്രെഡിറ്റുകൾ പ്രത്യക്ഷപ്പെടുന്ന ആദ്യരംഗം മുതൽ അവസാനരംഗം വരെ ഈ ചിത്രത്തിലുടനീളം സൈക്കിൾ ഉണ്ട്.

കറുപ്പും വെളുപ്പും സൈക്കിൾ ചിത്രമായ 'ബൈസിക്കിൾ തീവ്സി'ന്റെ പശ്ചാത്തലം രണ്ടാം ലോകമഹായുദ്ധത്തിന് തൊട്ടുപിന്നിലുള്ള റോമാനഗരമാണ്, എങ്കിൽ വർണ്ണപ്പ കിട്ടുകളുടെ ചിത്രമായ 'ബീജിങ്ങ് ബൈസിക്കിളി'ന്റെ കഥ മാറിക്കൊണ്ടിരിക്കുന്ന ചൈന യുടെ തലസ്ഥാനമായ ഇരുപത്തൊന്നാം നൂറ്റാണ്ടിലേയ്ക്കു കടന്നു കഴിഞ്ഞ, ബീജിങ്ങ് നഗരത്തിലാണ് നടക്കുന്നത്. കുറിയർ ജോലിയ്ക്കു വന്നിരിക്കുന്ന, ഗ്രാമങ്ങളിൽ നിന്നു നഗരത്തിലെത്തിയ ഏതാനും യുവാക്കൾ. അതിൽ നായക കഥാപാത്രവും ഉൾപ്പെടുന്നു. അഭിമുഖത്തിനു നൽകുന്ന മറുപടികളുടെ മിഡ്ഷോട്ട് മുഖദൃശ്യനിരകളെ തുടർന്ന് ശീർഷകവും മറ്റു ക്രെഡിറ്റ്സ് ടൈറ്റിലുകൾ തെളിഞ്ഞു വരുന്നു. ആദ്യമായി ചിത്രത്തിൽ പശ്ചാത്തലസംഗീതമുയരുന്നത്, സോഫ്റ്റ്ഫോക്കസ്സിൽ പകർത്തിയിരിക്കുന്ന സൈക്കി ളുകളുടെ ചലന ദൃശ്യങ്ങൾക്കു മീതെയാണ്. ചലിക്കുന്ന ചക്രങ്ങളും പെഡലുകളു മായി നമുക്കു മുന്നിലൂടെ സൈക്കിളുകൾ നീങ്ങിക്കൊണ്ടിരിക്കുന്ന കാവ്യഭംഗിയു ണർത്തുന്ന ഒരു ദൃശ്യനിര ഒടുവിൽ സോഫ്റ്റ്ഫോക്കസിൽ നിന്നു വ്യക്തതയുടെ ഒന്നിനു പിറകെ ഒന്നായി നിരത്തിവെച്ചിരിക്കുന്ന പുതിയ സൈക്കിളുകളുടെ ചലനരഹിത ദൃശ്യം. കുറിയർകുമാരന്മാർക്കുള്ള പ്രതീക്ഷയുടെ ഒരു പുതുവാഗ്ദാനം. സിനിമ അവസാനി ക്കുന്നതാകട്ടെ, ചവിട്ടിമെതിച്ചു നാശമാക്കിയ ഒരു സൈക്കിളിന്റെ രംഗത്തിലാണ്. തകർന്ന ബീജിങ്ങ് സൈക്കിൾ തന്റെ ചുമലിൽ ചുമന്നുകൊണ്ട് കുറിയർ ജോലിക്കാര നായ യുവാവ് സ്ലോമോഷനിൽ കടന്നുപോകുന്നു. ബീജിങ്ങ് നഗരത്തെ കീഴടക്കിക്കൊ ണ്ടിരിക്കുന്ന കാറുകളാണു പശ്ചാത്തലത്തിൽ.

പണിയെടുത്തു ലഭിച്ച കൂലികൊണ്ട് തുടക്കത്തിൽ നാം കണ്ട നിരത്തിവെച്ച പുത്തൻ സൈക്കിളുകളിലൊന്ന് യുവാവ് സ്വന്തമാക്കുന്നതിന് ഒരു ദിവസം ബാക്കി നില്ക്കുന്ന സന്ദർഭത്തിലാണ് അതു മോഷ്ടിക്കപ്പെടുന്നത്. നഷ്ടപ്പെടുന്ന ആ സൈക്കിളിന്റെ പേരിൽ, വീണ്ടെടുക്കപ്പെടുന്ന ആ ബീജിങ്ങ് സൈക്കിളിന്റെ പേരിൽ അപമാനങ്ങളും മർദ്ദനങ്ങളും പ്രതിരോധമൊന്നുമില്ലാതെ മറുവാക്കു പറയാതെ സഹിക്കുന്നു. 'സൈക്കിൾ എന്റെയാണ്' എന്ന ഉറച്ച നിലപാടു തറയിൽനിന്ന് അവൻ എന്നാൽ കടു കിട പിൻവാങ്ങുന്നില്ല. ചിത്രാന്ത്യത്തിൽ ഒരുവൻ സൈക്കിൾ നിലത്തുവലിച്ചെറിഞ്ഞും ചവിട്ടിയും തകർക്കാൻ ശ്രമിക്കുന്നതു കാണുമ്പോൾ മാത്രമാണ് മർദ്ദിച്ചവശനാക്കപ്പെട്ടു തെരുവിൽ വീണു കിടക്കുന്ന അവൻ ഉണരുന്നത്. ഇനിയും ഒരു നിമിഷം സഹിക്കാനാ കില്ല എന്നു തിരിച്ചറിയുന്ന അവൻ ഒരു കല്ലെടുത്തു അപരനെ ഇടിച്ചുവീഴ്ത്തുന്നു. വീണിടത്തു നിന്നെണീറ്റു വരാനും സൈക്കിൾ സ്വന്തം വരുതിയിലാക്കാനും അവനു

കഴിയുന്നുവെങ്കിലും ചുമന്നു കൊണ്ടുപോകേണ്ടി വരുന്ന ഒരു സൈക്കിളിലാണ് ചിത്രം അവസാനിക്കുന്നത്. വിജയിയായി സൈക്കിൾ ചവിട്ടുന്ന അതിജീവിക്കുന്ന അഭയാർത്ഥിയുടെ സൈക്കിൾ ദൃശ്യത്തിന്റെ ഇറാനിയൻ അന്ത്യരംഗത്തിൽ നിന്നും സ്വന്തം സൈക്കിൾ നഷ്ടപ്പെട്ടതുകൊണ്ട് സൈക്കിൾ മോഷ്ടാവായിത്തീരുന്ന തൊഴിലാളി തെരുവിലെ ആൾക്കൂട്ടത്തിന്റെ ഭാഗമായിത്തീരുന്ന ഇറ്റാലിയൻ അന്ത്യരംഗത്തിൽ നിന്നും ഈ ചൈനീസ് അന്ത്യരംഗം വ്യത്യസ്തത പുലർത്തുന്നു. കടലിൽ നിന്നു മടങ്ങിയെത്തുന്ന സാന്റിയാഗൊ എന്ന കിഴവൻ മുക്കുവന്റെ ഒരു ഓർമ്മ തകർന്ന സൈക്കിളും ചുമന്നു പോകുന്ന മർദ്ദിച്ചവശനാക്കപ്പെട്ട കുറിയർയുവാവിന്റെ രംഗത്തിലുണ്ട്. ബീജിങ്ങ് സൈക്കിളിന്റെ കഥയിലൂടെ, കാറുകൾ പെരുകിക്കൊണ്ടിരിക്കുന്ന ഒരു നഗരപാതയിലൂടെ കടന്നു പോകുന്ന തകർന്ന ഒരു സൈക്കിളിന്റെ ചെറു ഇതിഹാസത്തിലൂടെ, സിഗ്നൽ വെളിച്ചമായി കവലയിൽ സൈക്കിൾ തെളിഞ്ഞു വരുന്ന ബീജിങ്ങ് നഗരത്തിലെ പുതിയ സാമൂഹികാവസ്ഥ, സൈക്കിൾ ജനകീയമായിരുന്ന കമ്മ്യൂണിസ്റ്റ് ചൈനയുടെ ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്കുള്ള രൂപാന്തരം, സംവിധായകനായ വാങ്ങ് സിയാ ഷുവായ് സിനിമയിലൂടെ അവതരിപ്പിക്കാൻ ശ്രമിക്കുകയുമാകാം.

വ്യത്യസ്തമായൊരു സൈക്കിൾ യജ്ഞത്തിന്റെ കഥയാണ് മർസിയ മെഷ്കിനി എന്ന ഇറാനിയൻ സംവിധായിക 'ഞാൻ സ്ത്രീയായിത്തീർന്ന ദിവസം' എന്ന ചിത്രത്തിന്റെ രണ്ടാം ഘട്ടത്തിൽ അവതരിപ്പിക്കുന്നത്. മൂന്നു വ്യത്യസ്ത കഥകളാണ് സംവിധായിക ചിത്രത്തിൽ അവതരിപ്പിച്ചിട്ടുള്ളത്. ഒന്നാമത്തെ കഥയിലെ നായിക അഖാറിനു ഒമ്പതു വയസ്സു തികയുന്ന ദിവസം. സ്ത്രീയായിത്തീരുകയാണ് ഈ പിറന്നാളിന് എന്നതു കൊണ്ട് ഇന്നു മുതലിനി അവൾക്ക് കൂട്ടുകാരായ ആൺകുട്ടികളുടെ കൂടെ കളിച്ചു നടക്കാനാവില്ല. മാത്രമല്ല ഇന്നു മുതൽ മുഖം 'ചദോറി'ൽ, (മൂടുപടത്തിൽ) മറച്ചു വെയ്ക്കുകയും വേണം. മൂന്നാമത്തെ കഥയിലെ നായിക ഒരു പടു വൃദ്ധയാണ്. വിമാനത്താവളത്തിൽ പറന്നുവന്നിറങ്ങിയ അവർ ഉപഭോഗയുഗത്തിലെ സർവ്വസാധനസാമഗ്രികളും മേടിച്ചു കൂട്ടി അതിനു നടുവിൽ തനിച്ചിരിക്കുന്നു. രണ്ടാമത്തെ കഥയിലെ നായികയാണ് സൈക്കിൾകാരി. വിവാഹിത യുവതി. കറുത്ത മൂടുപടം കൊണ്ടുടലും ശിരസ്സും മറച്ച്, മുഖം മാത്രം കാണാവുന്ന സ്ത്രീ. ഒരു സൈക്കിൾ മത്സരത്തിൽ പങ്കെടുത്തു കൊണ്ട് മറ്റു സൈക്കിൾകാരികളായ യുവതികളുമൊത്ത് അവൾ പാതയിലാണ്. കടലിനു സമാന്തരമായി നീണ്ടുനീണ്ടു പോകുന്ന പാത. സൈക്കിൾ മത്സരത്തിൽ മനസ്സും ശരീരവും പൂർണമായി സമർപ്പിച്ച് മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്ന തലൗലിനു പിറകേ കുതിരപ്പുറത്തു പറന്നു വരുന്ന ഭർത്താവും സുഹൃത്തുക്കളും. വീട്ടുകാരും പുരുഷന്മാരുടെയും ഒരു പട.

സൈക്കിളിൽ നിന്നു താഴെയിറങ്ങുന്നില്ല. എങ്കിൽ മൊഴി ചെല്ലുമെന്നാണ് ഭർത്താവിന്റെ ഭീഷണി. ഭർത്താവിന്റെ, പുരുഷന്റെ, വിലക്കുകളെ ധിക്കരിച്ചു കൊണ്ട്, സ്വാതന്ത്ര്യത്തിന്റെ തുറന്ന പാതയിലൂടെ നീങ്ങുന്നു. സൈക്കിളോടിച്ചുകൊണ്ടു യുവതി കൂട്ടുകാരികളുടെ വിശാലമായ ആകാശത്തിനു കീഴെ, അറ്റം കാണാത്ത കടലിനുകരയിൽ, ഉറച്ച ഭൂമിയുടെ പാതയിലൂടെ ഈ സൈക്കിൾ കഥയുടെ ഒരു പ്രധാന സവിശേഷത ഈ ചെറുചിത്രത്തിലുടനീളം നാം കാണുന്നത് സൈക്കിളോടിച്ചു കൊണ്ടേയിരിക്കുന്നു. സ്ത്രീയേയും കൂട്ടുകാരികളേയും ആണ് എന്നതാണ്. സൈക്കിളില്ലാത്ത ഒരൊറ്റ ഫ്രെയിമും ഈ കഥയിലില്ല എന്നാണ് ഓർമ്മ. സഹനത്തിന്റെയോ ത്യാഗത്തിന്റെയോ കറങ്ങിക്കൊണ്ടിരിക്കുന്ന സൈക്കിൾയജ്ഞമല്ല ഇത്. കലാപത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പാതയിലൂടെ മുന്നോട്ടേയ്ക്കാഞ്ഞു ചവിട്ടി സ്ത്രീയായിത്തീരുന്നതിന്റെ, മറ്റൊരു സ്ത്രീ ആയിത്തീരുന്നതിന്റെ' സാഹസികമായ ഇതിഹാസ ഗാഥ. സമീര മഖ്മൽഫ് എന്ന മകളുടെയും 'സൈക്ലിസ്റ്റ് ' സംവിധാനം ചെയ്ത മൊഹ്സൻ മഖ്മൽബഫ് എന്ന ഭർത്താവിന്റെയും പല ചിത്രങ്ങൾക്കും സഹായിയായി പ്രവർത്തന പരിചയം നേടിയിട്ടുള്ള മെഷ്കിനിയുടെ 'ഞാൻ സ്ത്രീയായിത്തീർന്ന ദിവസം' അന്താരാഷ്ട്രതലത്തിൽ പല അംഗീകാരങ്ങളും നേടിയിട്ടുള്ള ചിത്രമാണ്. ●